എൻ.എസ്(1)22221/2011/ഡി.പി.ഐ

വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്,
തിരുവനന്തപുരം.തീയതി.31.05.11.

<u>വിജ്ഞാപനം</u>

2011-2013 വർഷത്തേയ്ക്ക് പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കോഴ്സിലേയ്ക്ക് പ്രവേശനത്തിന് നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

അപേക്ഷകർ 45%-ൽ കുറയാത്ത മാർക്കോടെ +2 അഥവാ തത്തുല്യ പരീക്ഷ ജയിച്ചിരിക്കണം. ഡിഗ്രി യോഗ്യതയുള്ളവർക്ക് മാർക്ക് പരിധി ബാധമല്ല. പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ യോഗ്യതാ പരീക്ഷ ജയിച്ചാൽ മതിയാകും. ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്നവർക്ക് 2% മാർക്ക് ഇളവ് ലഭിക്കുന്നതാണ്.

സംസ്ഥാന യുവജനോത്സവത്തിൽ സംഗീതം, നൃത്തം, നാടകം എന്നീ ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് 5% മാർക്ക് ഇളവും, സ്പോർട്സ്, ഗെയിംസ്, എൻ.സി.സി, സ്കൗട്ട് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് വെയിറ്റേജ് മാർക്കും ലഭിക്കുന്നതാണ്.

പ്രായപരിധി 01.06.2011-ൽ 17-നും 33-നും മദ്ധ്യേയായിരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കു ം ഒ.ബി.സി.കാർക്കും നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്. എൻ.സി.ടി.ഇ. നിശ്ചയിച്ചിട്ടുള്ള സീറ്റുകളിലേയക്ക് മാത്രമാണ് അഡ്മിഷൻ നടത്തുന്നത്.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അപേക്ഷകൾ തിരുവനന്തപുരം ഗവ.പ്രീ-പ്രൈമറി ഇൻസ്റ്റിറ്റ്യൂട്ടിലും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലയിലെ അപേക്ഷകൾ ആലപ്പുഴ ഗവ.പി.പി.ടി.ടി.ഐ.യിലും മറ്റ് ജില്ലകളിലെ അപേക്ഷകൾ കോഴിക്കോട് ഗവ.പി.പി.ടി.ടി.ഐ-യിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ എല്ലാ നിബന്ധനകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐ-കളിലും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയുടെ മാതൃക പി.പി.ടി.ടി.ഐ-കളിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച

അപേക്ഷകൾ 16.6.2011-ന് മുമ്പ് ബന്ധപ്പെട്ട പി.പി.ടി.ടി.ഐ.-കളിൽ ലഭിച്ചിരിക്കണം. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

വിജ്ഞാപനത്തിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശനം നടത്താത്ത പി.പി.ടി.ടി.ഐ-കളിലെ വിദ്യാർത്ഥികളെ പരീക്ഷാഭവൻ നടത്തുന്ന പൊതുപരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

2011ജൂലൈ മാസം 6-ാം തീയതി ക്ലാസ്സ് ആരംഭിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്:- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ സർക്കാർ പി.പി.ടി.ടി.ഐ.കൾക്കും.
എല്ലാ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐ.കൾക്കും.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.

എ.എസ്.31.05.